(ബി) 1. ട്രേഡ് യൂണിയൻ ആക്ട്,
2. ഫാക്ടറീസ് ആക്ട്,
3. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട്,
4. പേമെൻറ് ആഫ് വേജസ്സ് ആക്ട്,
5. മിനിമം വേജസ് ആക്ട്,
6. വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട്.

(സി) പേമെൻറ് ആഫ് വേജസ് ആക്ടും, സ്റ്റാൻഡിംഗ് ഓർഡേഴ്സ് ആക്ടും ഇപ്പോൾ ബാധകമാക്കുന്നതിനെ കാര്യത്തിൽ ഒരു തീരുമാനമെടുത്തിട്ടില്ല. ആ കാര്യം ഇപ്പോഴും ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്.

## കേന്ദ്രത്തിൽ നിന്നുള്ള ഗ്രാൻറ്.

* 913. [36] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കേന്ദ്രഗവണ്മെൻറിൽനിന്നും സംസ്ഥാനത്തെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് ലേയ്ക്കു എതെങ്കിലും ഗ്രാൻറ് അടുത്ത കാലത്തു് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതുരൂപത്തിൽ വിനിയോഗിക്കുകയുണ്ടായി;

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കേന്ദ്രഗവണ്മെൻറ് 1954-55-ൽ 5,41,682-8-0-വും 1955-56-ൽ ഇതുവരെ 4,59,909-കയും സംസ്ഥാന ഗവണ്മെൻറിനു നൽകിയിട്ടുണ്ടു്.

(ബി) 1954-55-ൽ ലഭിച്ച ഗ്രാൻറുതുക താഴെ പറയുന്ന പദ്ധതികൾക്കു വിനിയോഗിച്ചു.

1. അണ്ടർഗ്രാഡുവേറ്റ്സിനുള്ള ബേസിക് ട്രെയിനിംഗ് കോളേജ് സ്ഥാപിക്കുക.
2. 5 പ്രൈമറിസ്കൂളുകൾ ബേസിക്കു് സ്കൂളുകളാക്കുക.
3. തൃശ്ശൂരിൽ ഒരു ഡിസ്ട്രിബ്യൂട്ടിംഗ് ലൈബ്രറി തുറക്കുക.
4. ഹിന്ദിപ്രോത്സാഹനം.
5. പ്രൈമറിസ്കൂളുകളിൽ കമ്മ്യൂണിറ്റി സെൻറുകൾ തുറക്കുക.
6. ചില സെക്കൻഡറിസ്കൂളുകളിലെ ലാബ്രട്ടറിയും ലൈബ്രറിയും അഭിവൃദ്ധിപ്പെടുത്തുക.
7. ഫ്രീപ്രൈമറിസ്കൂൾ വിദ്യാഭ്യാസം.
8. അദ്ധ്യാപകവിദ്യാർത്ഥികളുടെ തൊഴിലില്ലായ്മ പരിഹരിക്കുക.

1955-56-ൽ താഴെ പറയുന്ന പദ്ധതികൾക്കാണു് ഗ്രാൻറ് ലഭിച്ചിട്ടുള്ളതു്.

1. അദ്ധ്യാപകവിദ്യാർത്ഥികളുടെ തൊഴിലില്ലായ്മ പരിഹരിക്കൽ
2. ബേസിക്കു് എഡ്യൂക്കേഷൻ വികസനം.
3. കുട്ടികൾക്കും പ്രായമായവർക്കും വേണ്ടി പുസ്തകങ്ങൾ നിർമ്മിക്കുക.

ഈ പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly